**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** | **28-02-2023 - ൽ മറുപടിയ്ക്ക്**

**പുതിയ വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | സംസ്ഥാനത്ത് താഴെ പറയുന്ന വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ ബഫർ സോണിൽ പാലക്കാട്, മലപ്പുറം ജില്ലകളിലായി ഭവാനി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിരുന്നു.<br>സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖലയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും വിശദമായ ചർച്ചയ്ക്കുശേഷവുമാണ് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ 148 ച.കി.മീ. വരുന്ന കരുതൽ മേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചത്. 30.11.2010 ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡ്, സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാനുള്ള ശുപാർശ അംഗീകരിക്കുകയും, ബോർഡിന്റെ തീരുമാന പ്രകാരം സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തു. സർക്കാർ ഇതിന് മറുപടിയായി പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനും, ആയതിനുശേഷം വീണ്ടും സ്റ്റേറ്റ് ബോർഡിൽ ടി വിഷയം അവതരിപ്പിക്കുന്നതിനും നിർദ്ദേശം നൽകി. ഇതനുസരിച്ച് മുക്കാലിയിൽവച്ച് 12.01.2011 ന് പൊതു ജനാഭിപ്രായം സ്വരൂപിക്കുന്നതിനായി ശിൽപ്പശാല നടത്തിയിരുന്നു.<br>തുടർന്ന് മേൽ വിഷയം 12.11.2018 ൽ കൂടിയ ബോർഡിന്റെ യോഗത്തിൽ |

പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും, ഇതിൻമേലുള്ള തീരുമാനം വിശദമായ ചർച്ചകൾക്കായി അടുത്ത യോഗത്തിൽ തീരുമാനിക്കാനായി മാറ്റിവച്ചു. തുടർന്ന് 23.01.2020 ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും, ബോർഡ് പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ, വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും അതിർത്തികളിൽ നിന്നും ഒരു കി. മി. ചുറ്റളവുകളിൽ നിർബന്ധമായും ഇക്കോ സെൻസിറ്റീവ് സോൺ ആയിരിക്കണമെന്ന ബഹു സുപ്രീം കോടതിയുടെ 03.06.2022-ലെ ഉത്തരവ് ജനങ്ങളുടെ ഇടയിൽ വ്യാപകമായ പ്രതിഷേധം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇപ്പോൾ ബഹു സുപ്രീം കോടതി മുൻപാകെ നിലവിലുള്ള കേസുകളിൽ തീരുമാനം ഉണ്ടാകുന്നതുവരെ പുതിയ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പ്രഖ്യാപനം നിർത്തി വയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആയി വ്യാപിച്ചു കിടക്കുന്ന പൊൻമുടി (ശംഖിലി) വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിരുന്നു.

പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം 23.01.2020 ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഔദ്യോഗിക തീരുമാനം സ്വീകരിക്കുന്നതിനു മുൻപായി തദ്ദേശവാസികളുമായി കൂടിയാലോചിച്ചെടുത്ത തീരുമാനം ബോർഡിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു.വാമനപുരം എം.എൽ.എ, ശ്രീ.ഡി.കെ.മുരളിയുടെ അദ്ധ്യക്ഷതയിൽ പൊതുജനങ്ങളുമായി 10.10.2020 ൽ പൊൻമുടിയിൽ വച്ച് യോഗം ചേരുകയും ടി വിഷയം ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വന സംരക്ഷണ സമിതി അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. 137 സ്ക്വയർ കി.മീ. വനപ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത് ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ സഹായിക്കുമെന്നുള്ള പൊതു അഭിപ്രായം പ്രസ്തുത യോഗത്തിൽ രൂപീകൃതമായി. 23.01.2020 ലെ ബോർഡ് യോഗതീരുമാനം അനുസരിച്ച് പൊൻമുടി

| | | | |
|---|---|---|---|
| | | | വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വീണ്ടും സംസ്ഥാന വന്യജീവി ബോർഡ് മുൻപാകെ സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.<br>നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന് 'പൊൻമുടി' എന്ന പേര് നൽകുന്നത് പൊൻമുടിയിലുള്ള ടൂറിസം കേന്ദ്രവും ജനവാസമേഖലയും നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന്റെ ഭാഗമാണെന്നുള്ള തെറ്റിദ്ധാരണ പൊതുജനങ്ങളിൽ ഉണ്ടാക്കുമെന്നതിനാൽ പൊൻമുടി വന്യജീവി സങ്കേതത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്നു പുനർനാമകരണം ചെയ്യുന്നതിനും, ടി പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനും, 19.01.2023 ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡിൽ ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം ബോർഡ് മാറ്റി വയ്ക്കുകയാണ് ചെയ്തത്. |
| (ബി) | സംസ്ഥാനത്ത് പുതിയ വനമേഖലകൾ സൃഷ്ടിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് അവയുടെ വിസ്തൃതി ഉൾപ്പടെ വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്താകമാനം വിവിധ പ്രദേശങ്ങളിലായി സർക്കാരിന്റെയും വനം വകുപ്പിന്റെയും ഉടമസ്ഥതയിലും സംരക്ഷണയിലുമുള്ള 3545.6362 ഹെക്ടർ വനസദൃശ്യമുള്ള ഭൂമി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയവയുടെ ജില്ല തിരിച്ചും, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചുമുള്ള വിവരങ്ങൾ വിസ്തൃതി സഹിതം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ പത്ത് വർഷത്തിൽ സംസ്ഥാനത്തെ വനവിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ; പരിഹാര വനവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ; | (സി) | വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നതിന് പകരമായാണ് പരിഹാര വനവത്ക്കരണം നടത്തുന്നത്. ആയതിനാൽ പരിഹാര വനവത്ക്കരണത്തിന്റെ ഫലമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വന വിസ്തൃതിയിൽ വർദ്ധന ഉണ്ടായിട്ടില്ല. |
| (ഡി) | 2022 ജൂൺ 3-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ നടപ്പിലാക്കിയാൽ എത്ര ഏക്കർ കൃഷി ഭൂമി വനമായി മാറും എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ജൂൺ 3-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖല അഥവ ഇക്കോ സെൻസിറ്റീവ് സോൺ നടപ്പിലാക്കിയാൽ കൃഷി ഭൂമി വനമായി ഒരിക്കലും മാറുകയില്ല.<br>1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, 3-ാം വകുപ്പ് പ്രകാരവും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലെ 5 (1) പ്രകാരവും കേന്ദ്ര സർക്കാർ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനായി വിജ്ഞാപനം ചെയ്യുന്ന പ്രദേശമാണ് പാരിസ്ഥിതിക സംവേദക മേഖല അഥവ ഇക്കോ സെൻസിറ്റീവ് സോൺ (ESZ). സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുകൊണ്ട് കൃഷിഭൂമി വനമായി മാറുന്ന സാഹചര്യമുണ്ടാകില്ല. പാരിസ്ഥിക സംവേദക മേഖല സംരക്ഷിത പ്രദേശങ്ങൾക്ക് സുരക്ഷാ കവചമായി പ്രവർത്തിക്കും എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം.<br>പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നു എന്നതിന് പുറമെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും കഴിയുന്നു എന്നതാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതുകൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ശുദ്ധവായു, ശുദ്ധജലം എന്നിവയുടെ ലഭ്യത, പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള മോചനം എന്നിവ പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ നേട്ടങ്ങളാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | റിസർവ്വിന്റെ പേര് | വിസ്തൃതി (ഹെക്ടർ) | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചീക്കാട് റിസർവ്വ് (പി.സി.കെ) | 201.612 | ആലക്കോട് പഞ്ചായത്ത് | കണ്ണൂർ | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 2 | നോർത്ത് വയനാട് ഡിവിഷൻ കോമ്പൗണ്ട് | 8.261 | മാനന്തവാടി മുനിസിപ്പാലിറ്റി | വയനാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 3 | വാളാരംകുന്ന് | 57.00 | വെള്ളമുണ്ട പഞ്ചായത്ത് | വയനാട് | കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഭൂമി |
| 4 | തരിയോട് ആനത്താര | 86.8762 | തരിയോട് പഞ്ചായത്ത് | വയനാട് | റവന്യൂ വകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് വനം വകുപ്പിന് നൽകിയ ഭൂമി |
| 5 | പി.ഒ.ബി ലാന്റ് | 325.750 | തിരുനെല്ലി പഞ്ചായത്ത് | വയനാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 6 | ഹാജിയാർപ്പള്ളി - കഞ്ഞിപ്പുര | 1.1690 | മലപ്പുറം - വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | മലപ്പുറം | വനം വകുപ്പിന്റെ കൈവശ ഭൂമി |

| | | | | | |
|---|---|---|---|---|---|
| 7 | ചന്തക്കുന്ന് റിസർവ്വ് | 15.829 | നിലമ്പൂർ മുനിസിപ്പാലിറ്റി | മലപ്പുറം | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 8 | താണാവ് | 0.367 | പാലക്കാട് മുനിസിപ്പാലിറ്റി | പാലക്കാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 9 | മീനാക്ഷിപുരം | 0.118 | പെരുമാട്ടി പഞ്ചായത്ത് | പാലക്കാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 10 | ചീനിക്കുന്ന് - കച്ചേരി പറമ്പ് | 4.876 | കൊട്ടോപ്പാടം പഞ്ചായത്ത് | പാലക്കാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 11 | കൽക്കണ്ടി റിസർവ്വ് | 1.479 | അഗളി പഞ്ചായത്ത് | പാലക്കാട് | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 12 | ചാലക്കുടി ഡിപ്പോ കോമ്പൗണ്ട് | 3.128 | ചാലക്കുടി മുനിസിപ്പാലിറ്റി | തൃശ്ശൂർ | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 13 | കണ്ണൻ ദേവൻ ഹിൽസ് ഷോല | 1815.3162 | ചിന്നക്കനാൽ പഞ്ചായത്ത് | ഇടുക്കി | സർക്കാർ ഉടമസ്ഥതയിലുള്ള ഷോല വനം |
| 14 | സിംഹപ്പാറ | 5.6530 | ചിന്നക്കനാൽ പഞ്ചായത്ത് | ഇടുക്കി | വനം വകുപ്പിന്റെ കൈവശ ഭൂമി |
| 15 | ആനയിറങ്കൽ റിസർവ്വ് | 1.500 | ചിന്നക്കനാൽ പഞ്ചായത്ത് | ഇടുക്കി | കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഭൂമി |
| 16 | പള്ളിവാസൽ | 620.2328 | പള്ളിവാസൽ/ മൂന്നാൽ പഞ്ചായത്ത് | ഇടുക്കി | കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഭൂമി & റിസർവ്വ് ചെയ്യപ്പെടാത്ത ഭൂമി |
| 17 | ചിന്നക്കനാൽ റിസർവ്വ് | 364.890 | ചിന്നക്കനാൽ പഞ്ചായത്ത് | ഇടുക്കി | കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഭൂമി |
| 18 | ചന്നമല റിസർവ്വ് | 1.299 | കുളത്തൂപ്പുഴ പഞ്ചായത്ത് | കൊല്ലം | വനം വകുപ്പിന്റെ ഭൂമി |
| 19 | തെന്നൂർ റിസർവ്വ് | 30.280 | പെരിങ്ങമല പഞ്ചായത്ത് | തിരുവനന്തപുരം | ഇ.എഫ്.എൽ പ്രദേശത്താൽ ചുറ്റപ്പെട്ട വനത്തിന്റെ രൂപത്തിലും സ്വഭാവത്തിലുമുള്ള റവന്യൂ മിച്ചഭൂമി |
| | **ആകെ** | **3545.6362** | | | |